പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3284 — 08-11-2019-ലെ മറുപടിയ്ക്ക്

## കൃഷിനാശത്തിന് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | 2019-20 വർഷത്തിലെ കാലവർഷത്തിൽ കാസർഗോഡ് ബ്ലോക്കിൽ എത്ര രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20 വർഷത്തിലെ കാലവർഷത്തിൽ കാസർഗോഡ് ബ്ലോക്കിൽ ആകെ 4804300 രൂപയുടെ കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഈ കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ടിൽ നിന്നും ഡിപ്പാർട്ട്മെന്റ് വിഹിതമായും കാസർഗോഡ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ എത്ര രൂപയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | കൃഷിനാശത്തിന് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സ്റ്റേറ്റ് ഡിസാസ്റ്റർ റസ്പോൺസ് ഫണ്ടിൽ നിന്നും 451213 രൂപയും ഡിപ്പാർട്ട്മെന്റ് വിഹിതമായി 2626085 രൂപയും കാസർഗോഡ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | അപ്രകാരം ആവശ്യപ്പെട്ട തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | കൃഷിനാശം സംഭവിച്ചതിന്റെ വിശദാംശങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | കൃഷിനാശത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വിള | എണ്ണം/ വിസ്തീർണ്ണം |
|---|---|
| തെങ്ങ് (കായ് ഫലമുള്ളത്) | 207 |
| വാഴ (കുലച്ചത്) | 1695 |
| വാഴ (കുലക്കാത്തത്) | 180 |
| കമുക് (കായ് ഫലമുള്ളത്) | 2971 |
| കമുക് (കായ് ഫലമില്ലാത്തത്) | 300 |
| കുരുമുളക് | 88 |
| പച്ചക്കറി | 4 (ഹെക്ടർ) |
| നെല്ല് | 8.7 (ഹെക്ടർ) |

സെക്ഷൻ ഓഫീസർ